# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.260 15.02.2013 - ൽ മറുപടിക്ക്

## ദേശീയപാതയിൽ രണ്ടുവരി ബൈപ്പാസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, റ്റി. വി. രാജേഷ്<br>ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | ദേശീയപാതകളിൽ ഏതെല്ലാം ഭാഗങ്ങളിൽ രണ്ടുവരി ബൈപ്പാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (എ) | എൻ.എച്ച്.47 -ൽ കൊല്ലത്തും ആലപ്പുഴയിലും എൻ.എച്ച്.ഡി.പി. പ്രകാരം 4 വരി ബൈപ്പാസാണ് നിർമ്മിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ പദ്ധതിയ്ക്ക് നേരിടുന്ന കാലതാമസവും, പ്രസ്തുത നഗരങ്ങളിലെ ഗതാഗത കുരുക്കും കണക്കിലെടുത്ത് അടിയന്തിരമായി ഈ നഗരങ്ങളിൽ 2 വരി ബൈപ്പാസുകൾ സംസ്ഥാന വിഹിതത്തോടുകൂടി നിർമ്മിക്കുവാനുള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; അവശേഷിക്കുന്നവ എത്ര; വിശദമാക്കുമോ; | (ബി) & (സി) | ദേശീയപാതാവികസന പദ്ധതികൾക്കെല്ലാം തന്നെ എൻ.എച്ച്.ഡി.പി. യിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരാണ് ഭരണാനുമതി നൽകുന്നത്. |
| (സി) | നടപ്പുവർഷം പൂർത്തീകരിക്കാനുദ്ദേശിച്ച ബൈപ്പാസുകൾ ഏതൊക്കെയായിരുന്നു; അവയിൽ ഓരോന്നും ഏതു ഘട്ടങ്ങളിലാണ്; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | നടപ്പുവർഷത്തെ ബഡ്ജറ്റിൽ എന്തു തുക ഇതിനായി വകയിരുത്തിയിരുന്നു; ചെലവായതെത്ര; വിശദമാക്കുമോ; | (ഡി) | നടപ്പുവർഷത്തെ ബഡ്ജറ്റിൽ ബൈപ്പാസുകളുടെ പൂർത്തീകരണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ 2012-2013 ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ ബൈപ്പാസ് നിർമ്മാണത്തിന് 5 കോടി രൂപയും കൊല്ലം, കാഞ്ഞിരപ്പള്ളി ബൈപ്പാസുകൾക്ക് 6 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഇനിയും ബൈപ്പാസ് അനിവാര്യമായിട്ടുള്ള ദേശീയപാതയിലെ സ്ഥലങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ? | (ഇ) | എൻ.എച്ച്.ഡി.പി. ഫേസ് IV A -ൽ ഉൾപ്പെടുത്തി പി.പി.പി. പദ്ധതിയ്ക്കുവേണ്ടി കേന്ദ്ര ഗതാഗത മന്ത്രാലയം കൺസൾട്ടന്റ് മുഖേന തയ്യാറാക്കിയ സാധ്യത പഠനത്തിൽ താഴെ പറയുന്ന ബൈപ്പാസുകൾ പരിഗണനയിലുണ്ട്:<br>**എൻ.എച്ച്.208** – നിലവിലുള്ള അലൈൻമെന്റിൽ ബൈപ്പാസുകളില്ല. എന്നാൽ കൊട്ടാരക്കരയിലും, പുനലൂരും ഓരോ ബൈപ്പാസുകൾ പരിഗണനയിലാണ്.<br>**എൻ.എച്ച്.212** – താമരശ്ശേരി - കൽപ്പറ്റ - സുൽത്താൻബത്തേരി<br>**എൻ.എച്ച്.49** – കോതമംഗലം - മൂവാറ്റുപുഴ - തൃപ്പൂണിത്തുറ<br>**എൻ.എച്ച്.213** - മണ്ണാർകാട്, പാലക്കാട് |

സെക്ഷൻ ഓഫീസർ